## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5539      04.07.2013-ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ

ചോദ്യം      ഉത്തരം

**ശ്രീ. ആർ.സെൽവരാജ്**
**ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി**
**ശ്രീ. ബെന്നി ബെഹനാൻ**
**ശ്രീ. എം.പി. വിൻസെന്റ്**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും അവരവരുടെ രജിസ്ട്രേഷൻ നടത്തിയ തീയതി മുതൽ ഓരോ മൂന്നു വർഷത്തിലൊരിക്കലും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പുതുക്കേണ്ട മാസത്തിലും അതിനു ശേഷമുള്ള രണ്ട് മാസത്തെ ഗ്രേസ് പീരിയഡിനകത്തും ഉള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും നേരിട്ടോ, ദൂതൻ മുഖേനയോ, തപാൽ മാർഗ്ഗമോ രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.<br>എസ്.സി.,എസ്.റ്റി. വിഭാഗത്തിൽപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും അവരവരുടെ രജിസ്ട്രേഷൻ പുതുക്കേണ്ട മാസത്തിനുശേഷം ഒരു വർഷത്തിനകം രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.<br>വികലാംഗരായ ഉദ്യോഗാർത്ഥികൾ അവരുടെ രജിസ്ട്രേഷൻ പുതുക്കേണ്ടിയിരുന്ന മൂന്ന് മാസത്തെ കാലാവധിയ്ക്കുള്ളിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലായെങ്കിൽ പ്രസ്തുത വിവരം ഉദ്യോഗാർത്ഥിയെ അറിയിക്കുകയും അറിയിപ്പ് കിട്ടി രണ്ടാഴ്ചയ്ക്കകം രജിസ്ട്രേഷൻ പുതുക്കി വാങ്ങാവുന്നതുമാണ്.<br>വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായി സർക്കാർ പുറപ്പെടുവിക്കാറുള്ള പ്രത്യേക പുതുക്കൽ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരവും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.<br>രോഗം, കരുതൽതടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ താമസസ്ഥലം ഉൾപ്പെടുന്ന പ്രദേശത്തോ എംപ്ലോയ്മെന്റ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രകൃതി ക്ഷോഭം, വെള്ളപ്പൊക്കം, ഭൂമികുലുക്കം, തീപിടിത്തം, നിശാനിയമപ്രഖ്യാപനം അല്ലെങ്കിൽ അതുപോലുള്ള നിയന്ത്രണം നടപ്പാക്കൽ, അടുത്ത ബന്ധുക്കളുടെ മരണം എന്നീ കാരണങ്ങളാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വരുന്നവർക്ക് എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പുതുക്കൽ ഉത്തരവ് നൽകുന്നതാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഏത് കാലയളവിലെ രജിസ്ട്രേഷനാണ് ഈ ആനുകൂല്യം ലഭിക്കുന്നത്; | (സി) | സർക്കാർ ഉത്തരവ് (സാധാ) നം.927/11/തൊഴിൽ തീയതി 30.06.2011 പ്രകാരം കേരള സർക്കാരിന്റെ 100 ദിവസത്തെ കർമ്മപരിപാടിയോടനുബന്ധിച്ച് 01.01.1993 മുതൽ 30.06.2011 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായി സീനിയോറിറ്റി നഷ്ടമായ ഉദ്യോഗാർത്ഥികൾക്ക് റദ്ദായ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് 01.07.2011 മുതൽ 31.08.2011 വരെ സമയം അനുവദിച്ചു നൽകിയിരുന്നു.<br>സ.ഉ.(സാധാ) നം.806/12/തൊഴിൽ തീയതി 30.05.2012 ഉത്തരവ് പ്രകാരം 01.01.1993 മുതൽ 31.05.2012 വരെയുള്ള കാലയളവിൽ നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥി |

| | | | |
|---|---|---|---|
| | | | കൾക്ക് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് 01.06.2012 മുതൽ 31.08.2012 വരെ അനുമതി നൽകിയിരുന്നു.<br>സ.ഉ.(സാധാ) നം.899/13/തൊഴിൽ തീയതി 25.05.2013 പ്രകാരം കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 01.01.1993 മുതൽ 31.05.13 വരെയുള്ള കാലയളവിൽ നിയമാനുസൃതം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റിയോടുകൂടി പുതുക്കുന്നതിന് 2013 ജൂലൈ 31 വരെ സമയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ നടപ്പിലാക്കുന്നതിനായി പ്രത്യേക നിർദ്ദേശങ്ങൾ, സർക്കുലറുകൾ മുഖേന സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും യഥാസമയം നൽകുകയും, ടി ഉത്തരവ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ